(സി) എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റോഡിന്റെ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് പുതുക്കി അധികമായി വരുന്ന തുകയ്ക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) പ്രസ്തുത റോഡിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി. എം. ജി. എസ്. വൈ. പദ്ധതിയിൽ 2006-07 വർഷത്തിൽ കുന്ദമംഗലം ബ്ലോക്കിൽ പാക്കേജ് നമ്പർ കെ.ആർ.08-13 -ലെ നാലു റോഡുകളിൽ ഉൾപ്പെട്ടിട്ടുള്ള കുളിമുട് അടിപ്പറമ്പ റോഡിന് 88.97 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ റോഡിന്റെ കരാർ 26-10-2007-ന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഈ റോഡിലെ നിലവിലുള്ള യൂട്ടിലിറ്റികൾ(ജലവിതരണ പൈപ്പ്, ഇലക്ട്രിക് പോസ്റ്റുകൾ തുടങ്ങിയവ) യഥാസമയം മാറ്റിസ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

(ഡി&ഇ) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

വനവാതിക്കര-വാളത്തോട് റോഡ് നിർമ്മാണം

153(361) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തിരുവൻവണ്ടൂർ പഞ്ചായത്തിലെ വനവാതിക്കര-വാളത്തോട് റോഡിന്റെ പുനരുദ്ധാരണത്തിന് പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി 85.5 ലക്ഷം രൂപ അനുവദിച്ചിട്ട് മൂന്ന് വർഷത്തിലേറെയായിട്ടും നാളിതുവരെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ബി) 2011 മാർച്ച് മാസത്തിന് മുമ്പ് ഈ റോഡിന്റെ പണി പൂർത്തീകരിക്കാതെ പണം ലാപ്സാകുമെങ്കിൽ ആയതിനുള്ള ബാദ്ധ്യത ആരുടെ ഭാഗത്താണ് എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തിരുവൻവണ്ടൂർ പഞ്ചായത്തിലെ വനവാതിക്കര-വാളത്തോട് റോഡ് പുനരുദ്ധാരണം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയല്ല. ടി പ്രവൃത്തി ആർ. ഐ.ഡി.എഫ്. ട്രാഞ്ചെർ X-ൽ ഉൾപ്പെടുത്തിയാണ് പണി നടന്നുകൊണ്ടിരിക്കുന്നത്.ടി റോഡിന്റെ ആകെയുള്ള 2.5 കി.മി. നീളത്തിൽ 1 കി.മീ. മെറ്റലിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ടി റോഡിന്റെ 600 മീറ്റർ ദൂരത്തിൽ 11 കെ.വി. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് 2.53 ലക്ഷം രൂപ കെ.എസ്.ഇ.ബി.-യിൽ അടയ്ക്കേണ്ടതായിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സമിതി കെ.എസ്.ഇ.ബി.-യിൽ അടയ്ക്കാവുന്നതിനാവശ്യമായ തുക ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കുന്നതിനും, 2011 മാർച്ച് 31-നകം പണി പൂർത്തീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) 2011 മാർച്ച് 31-നകം മുമ്പ് തുക ലാപ്സാകാതെ പണി പൂർത്തിയാക്കുന്നതിന് നിലവിലെ ബ്ലോക്ക് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

(സി) 2011 മാർച്ച് 31-നകം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

154(362) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളെ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് ഈ സർക്കാർ കൈകൊണ്ട നടപടികൾ വിശദമാക്കാമോ ; ആയതിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) വയനാട് ജില്ലയിലെ ഓരോ പഞ്ചായത്തുകളും ഈ സർക്കാരിന്റെ കാലത്ത് വിതരണംചെയ്ത (2011 ജനുവരി വരെ) ക്ഷേമ പെൻഷനുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയതും പ്രവർത്തി പുരോഗതിയിലുള്ളതുമായ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ)

1. ഇ.എം.എസ്. ഭവന പദ്ധതി:

ഭൂരഹിത ഭവനരഹിതരായ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് ധനസഹായം നൽകുന്ന ഈ പദ്ധതി വഴി വയനാട് ജില്ലയിൽ 9779 പേർക്ക് ഭവനനിർമ്മാണത്തിനും 896 പേർക്ക് സ്ഥലം വാങ്ങുന്നതിനും ധനസഹായം നൽകി.

LIBRARY ARCHIVES Kerala Legislative Assembly